മുദ്രകൾ

# ചാരവൃത്തിക്ക് പ്രസിഡന്റ് മേലൊപ്പ് ചാർത്തുമ്പോൾ



**2008** ഡിസംബർ 27-ന് ഗസ്സക്കെതിരെ ഇസ്രയേലി ആക്രമണം നടക്കുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് ഹമാസിന്റെ സൈനികവിംഗായ കതാഇബുൽ ഖസ്സാം ഒരു വൻ ചാര ശൃംഖലയെ കൈയോടെ പിടികൂടി. പ്രധാനമന്ത്രി ഇസ്മാഈൽ ഹനിയ്യയുടെ വീടിനെക്കുറിച്ചും അദ്ദേഹത്തിന്റെ ചലനങ്ങളെക്കുറിച്ചും ഇസ്രയേലീ സൈനിക നേതൃത്വത്തിന് നേരിട്ട് വിവരം ചോർത്തിക്കൊടുക്കുകയായിരുന്നു ഈ ചാരശൃംഖല. ചാരപ്പണി നടക്കുന്നതാകട്ടെ പ്രസിഡന്റ് മഹ്മൂദ് അബ്ബാസിന്റെ മേൽനോട്ടത്തിലും! രാഷ്ട്രനായകൻ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടത്തെ അട്ടിമറിക്കുന്നതിന് ബദ്ധശത്രുവായ ഇസ്രയേലുമായി പരസ്യബന്ധം സ്ഥാപിക്കുന്നു.

നേരത്തെ ഒറ്റപ്പെട്ട ഗ്രൂപ്പുകളും വ്യക്തികളുമായിരുന്നു ചാരന്മാർ. അവരെ ഫലസ്തീനികൾ വേണ്ടവിധം കൈകാര്യം ചെയ്യുകയും ചെയ്തിരുന്നു. 1993-ലെ ഓസ്ലോ കരാറിന് ശേഷം, ഭരണകൂടത്തിന്റെ ഔദ്യോഗിക പരിരക്ഷ ചാരപ്പണിക്ക് ലഭിച്ചു തുടങ്ങി. അത്തരമൊരു ശൃംഖലയാണ് ഹമാസ് തകർത്തത്. ഹമാസിന്റെ സമുന്നത നേതാക്കളായ നിസാർ റയ്യാന്റെയും സഈദ് സിയാമിന്റെയും (ഇവർ രണ്ടുപേരും ഗസ്സ ആക്രമണത്തിൽ രക്തസാക്ഷികളായി) താമസസ്ഥലങ്ങളെക്കുറിച്ച് കൃത്യമായ വിവരം ചോർത്തിക്കൊടുത്തത് ഈ ശൃംഖലയായിരുന്നു. പിടിയിലായ ചാരന്മാരിൽനിന്ന് കിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഹമാസ് അതിന്റെ കേന്ദ്രങ്ങൾ പെട്ടെന്ന് മാറ്റിയതുകൊണ്ടാണ് ഇസ്രയേലീ ആക്രമണം ലക്ഷ്യം കാണുന്നതിൽ പരാജയപ്പെട്ടത്.

ഹമാസിന് 500 റോക്കറ്റുകളേ ഉള്ളൂവെന്നും 12 കി.മീറ്ററിൽ അപ്പുറം അവയിലൊന്നുപോലും വിക്ഷേപിക്കാനാവില്ലെന്നുമായിരുന്നു ചാരന്മാർ ഇസ്രയേലിന് നൽകിയ വിവരം. അതപ്പടി അബദ്ധമായിരുന്നു. യുദ്ധത്തിൽതന്നെ ഹമാസ് 750 റോക്കറ്റുകൾ വിക്ഷേപിച്ചിരുന്നു. അവയിൽ മുന്നൂറെണ്ണം 50 കി.മീ ദൂരപരിധിയിലാണ് ചെന്നുവീണത്.

ചാരശൃംഖലയുടെ ലക്ഷ്യം പാളിയെങ്കിലും അതിന്റെ വൈപുല്യം അമ്പരപ്പിക്കുന്നതാണെന്ന് *ഫലസ്തീൻ അൽ മുസ്ലിമ* എന്ന പത്രത്തിന്റെ എഡിറ്റർ റഅ്ഫത്ത് മുർറ എഴുതുന്നു (*അൽമുജ്തമഅ്* വാരിക, 2009 ഫെബ്രുവരി 13). ഗസ്സയിലും പടിഞ്ഞാറെ കരയിലുമായി മുപ്പതിനായിരത്തോളം ചാരന്മാരുണ്ടത്രേ. ■

# ബന്നായുടെ ഘാതകരിലൊരാൾ മനസ്സ് തുറക്കുന്നു

**ഇമാം** ഹസനുൽ ബന്നായെ കൊല്ലാൻ നിയോഗിക്കപ്പെട്ടവരിൽ ഒരാൾ ഇപ്പോഴും ജീവിച്ചിരിക്കുന്നു -അബ്ദുൽ ഹമീദ് മഹ്മൂദ്. 60 വർഷം മുമ്പ് നടന്ന ആ കൊലപാതകത്തിന് പിന്നിൽ ആരായിരുന്നുവെന്ന് യാതൊരു വളച്ചുകെട്ടുമില്ലാതെ അയാൾ *ഇഖ്വാൻ ഓൺലൈൻ* ലേഖകനോട് പറഞ്ഞു. അബ്ദുൽ ഹമീദിന് പതിനെട്ടാം വയസ്സിൽ അതിർത്തി സേനയിൽ ജോലികിട്ടി. പരിശീലനം കഴിഞ്ഞ ഉടനെ അയാളെ മേലുദ്യോഗസ്ഥൻ വിളിപ്പിച്ചു. അപ്പോഴവിടെ മുഹമ്മദ് ശാലൂം, തൗഫീഖ് സഈദ് എന്നീ രണ്ട് ആളുകളുണ്ടായിരുന്നു. ഇമാമിനെ കൊല്ലേണ്ട ചുമതല ശാലൂമിനാണ്. മറ്റേയാൾ സഹായത്തിന് കൂടെയുണ്ടാവും. സംഭവ സ്ഥലത്തേക്ക് ആരെങ്കിലും വരുന്നുണ്ടെങ്കിൽ അവരെ അടിച്ചോടിക്കുക എന്നതായിരുന്നു അബ്ദുൽ ഹമീദിന്റെ ഡ്യൂട്ടി.



അബ്ദുൽ ഹമീദ്

എല്ലാം പ്ലാൻചെയ്തതുപോലെ തന്നെ സംഭവിച്ചു. ശാലൂമും തൗഫീഖും ജംഇയ്യത്തു ശുബ്ബാനിൽ മുസ്ലിമീൻ എന്ന സ്ഥാപനത്തിന്റെ അടുത്തുള്ള പള്ളിയിൽ ഇമാം ബന്നായോടൊപ്പം നമസ്കരിച്ചു. പള്ളിയിൽ നിന്നിറങ്ങിയ ബന്നായെ ശാലൂം വെടിവെച്ചുവീഴ്ത്തി. ആറുതവണ നിറയൊഴിച്ചു. മരിച്ചു എന്ന് ഉറപ്പാകുന്നതുവരെ ആരെയും അങ്ങോട്ട് അടുപ്പിച്ചില്ല. അര മണിക്കൂർ കഴിഞ്ഞാണ് ആംബുലൻസ് വന്നത്.

തലസ്ഥാന നഗരിയുടെ ചുമതലയുണ്ടായിരുന്ന സലീം സകി എന്ന പോലീസ് ഉദ്യോഗസ്ഥനാണ് കൊലപാതകം ആസൂത്രണം ചെയ്തതെന്ന് അബ്ദുൽഹമീദ് പറയുന്നു. അന്ന് സലിം സകിക്ക് ഈജിപ്തിലെ പ്രധാനമന്ത്രിയേക്കാൾ അധികാരവും സ്വാധീനവുമുണ്ട്. ഫാറൂഖ് രാജാവ് കഴിഞ്ഞാൽ രണ്ടാമൻ അയാളായിരുന്നു. ഫാറൂഖ് രാജാവിന്റെ നിർദേശപ്രകാരമാണ് കൊലനടന്നതെന്നും അബ്ദുൽഹമീദ് പറയുന്നു. വെടിവെച്ച ശാലൂമിന് 300 ഈജിപ്ഷ്യൻ പൗണ്ടും ഒരു സ്വർണ വാച്ചും സമ്മാനമായി കിട്ടി. അബ്ദുൽ ഹമീദിനും തൗഫീഖിനും 200 പൗണ്ടും ഓരോ സ്വർണവാച്ച് വീതവും. അബ്ദുൽഹമീദിന്റെ വെളിപ്പെടുത്തലോടെ ഇമാം ബന്നായുടെ രക്തസാക്ഷ്യത്തെക്കുറിച്ചുള്ള എല്ലാ ദുരൂഹതകളും നീങ്ങിയതായി ഇഖ്വാൻ വൃത്തങ്ങൾ പറഞ്ഞു. ■

മുദ്രകൾ

# എസ്.ഐ.ഒ പ്രവർത്തകർക്കു നേരെ ആക്രമണം

**കർണാടകയിൽ** ഭരണകൂടത്തിന്റെ പിൻബലത്തോടെ ഹിന്ദുത്വരുടെ അഴിഞ്ഞാട്ടം തുടരുന്നു. പുത്തൂർ നഗരത്തിലെ വിവേകാനന്ദ എഞ്ചിനീയറിംഗ് കോളേജിന് സമീപം പോസ്റ്റർ പതിച്ചുകൊണ്ടിരിക്കുകയായിരുന്ന രണ്ട് എസ്.ഐ.ഒ പ്രവർത്തകരെ മുപ്പതോളം വരുന്ന ഗുണ്ടാസംഘം ആക്രമിച്ചതാണ് ഏറ്റവുമൊടുവിലത്തെ സംഭവം. ഇവർ ഒരു ഹിന്ദുത്വ സംഘടനയിലെ ആളുകളാണ്. പരിക്കേറ്റ 17ഉം 15ഉം വയസ്സ് പ്രായമുള്ള എസ്.ഐ.ഒ പ്രവർത്തകരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഒരു കുട്ടിയുടെ കണ്ണിന്റെ കാഴ്ച ഭാഗികമായി നഷ്ടപ്പെട്ടു.

ഭീകരവാദികൾ എന്ന് ആക്രോശിച്ചാണ് സംഘം തങ്ങളെ ആക്രമിച്ചതെന്ന് എസ്.ഐ.ഒ പ്രവർത്തകർ പറഞ്ഞു. അക്രമികളെ പിടികൂടുന്നതിനു പകരം പരിക്കേറ്റവരെ സ്റ്റേഷനിൽ എത്തിക്കുകയായിരുന്നു പോലീസ്. ഗുരുതരമായി പരിക്കേറ്റ കുട്ടികൾക്ക് ഒരു മണിക്കൂർ നേരത്തേക്ക് യാതൊരു ചികിത്സയും നൽകിയില്ല. അനുവാദമില്ലാതെ പോസ്റ്റർ ഒട്ടിച്ചതിന് അവർക്കെതിരെ കേസുമെടുത്തു. അക്രമികളെ ഇതുവരെ പോലീസിന് കണ്ടെത്താനുമായിട്ടില്ല!

വർധിച്ചുവരുന്ന അതിക്രമങ്ങൾക്കെതിരെ എസ്.ഐ.ഒ നടത്താൻ പോകുന്ന കാമ്പയിനെക്കുറിച്ചുള്ളതായിരുന്നു പോസ്റ്റർ. അത് ഏതെങ്കിലും വിഭാഗത്തിനെതിരെയുള്ളതായിരുന്നില്ല. "Fight the silence, stop the violence' എന്നാണ് പോസ്റ്ററിന്റെ തലവാചകം. ■



# ദയനീയസ്ഥിതി തുറന്നുകാട്ടിയ കണക്കെടുപ്പ്




**ഭീകരതയുടെ** പേരിൽ ഇന്ത്യൻ മുസ്‌ലിംകളെ പ്രതിസ്ഥാനത്ത് നിർത്തി വിചാരണ ചെയ്യുന്നതിൽ മത്സരിക്കുകയായിരുന്നു കഴിഞ്ഞ വർഷം മീഡിയ. ഇതിനെ പ്രതിരോധിക്കാൻ അവരുടെ കൈവശം കാര്യമായ മീഡിയാ കോപ്പുകളൊന്നും ഉണ്ടായിരുന്നില്ല. ഉള്ള ആനുകാലിക പ്രസിദ്ധീകരണങ്ങൾ തന്നെ വളരെ കുറഞ്ഞ വായനക്കാരിലേ എത്തുന്നുമുള്ളൂ. twocircles.net ഓരോ വർഷവും മുസ്‌ലിം മീഡിയയുടെ ഒരു കണക്കെടുപ്പ് നടത്താറുണ്ട്. വായനക്കാരുടെ അഭിപ്രായങ്ങൾ ക്ഷണിച്ച് പ്രസിദ്ധീകരണങ്ങൾക്ക് ഗ്രേഡും നൽകും.

കഴിഞ്ഞ വർഷം ഒന്നാമതെത്തിയത് എം.ജെ അക്ബർ പുറത്തിറക്കുന്ന Covert എന്ന ദ്വൈവാരികയാണ്. ഇതൊരു മുഖ്യധാരാ പ്രസിദ്ധീകരണമാണ്. മുസ്‌ലിം പ്രശ്നങ്ങൾ മാത്രമല്ല കൈകാര്യം ചെയ്യുന്നത്. നിരവധി എഴുത്തുകാരെ അണിനിരത്താൻ എം.ജെ അക്ബറിന് കഴിഞ്ഞിട്ടുണ്ട് (www.covert.co.in).

ഇസ്റ്റേൺ ക്രസന്റ് (www.markzulmaarif.org), റേഡിയൻസ് (www.radianceweekly.com), ഇസ്‌ലാമിക് വോയ്സ് (www.islamicvoice.com), ദ മില്ലി ഗസറ്റ് (www.milligazette.com), ഇസ്‌ലാം, മുസ്‌ലിം ആന്റ് ദ വേൾഡ് (info@theislamworld.com), നാഷൻ ആന്റ് ദ വേൾഡ് (nation-world@rediffmail.com), മുസ്‌ലിം ഇന്ത്യ (http//muslimindiamonthly.com) എന്നിവയാണ് യഥാക്രമം ഗ്രേഡിംഗിൽ സ്ഥാനം പിടിച്ചത്. മീഡിയയാൽ നാനാ ഭാഗത്തു നിന്നും ആക്രമിക്കപ്പെടുന്ന മുസ്‌ലിം സമൂഹത്തിന്റെ പ്രതിരോധം എത്ര ദുർബലവും അപര്യാപ്തവുമാണെന്ന് ഈ കണക്കെടുപ്പ് വ്യക്തമാക്കുന്നു. ചാനൽ രംഗത്താവട്ടെ ഈ ചെറിയ പ്രതിരോധം പോലും ഇല്ല. ■